George Cardinal Alencherry
Major Archbishop
Syro-Malabar Church

Prot. No. 0392/2020 28 March 2020

## സർക്കുലർ
## വിശുദ്ധവാര തിരുക്കർമങ്ങൾ-2020

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീസഹോദരന്മാരേ,

ലോകം മുഴുവൻ പടർന്നുപിടിച്ച കൊറോണ വൈറസ് ബാധയുടെ ആഘാതത്തിലാണല്ലോ നാമെല്ലാവരും. ഈ വലിയ ദുരന്തത്തിൽനിന്ന് നമ്മെയും ലോകം മുഴുവനെയും രക്ഷിക്കണമേയെന്ന് കാരുണ്യവാനായ ദൈവത്തോടുള്ള നമ്മുടെ പ്രാർത്ഥന തുടരാം. ദുഃഖപൂർണമായ ഈ പശ്ചാത്തലത്തിലാണ് വിശുദ്ധവാരാചരണം നടക്കേണ്ടത്. നമ്മുടെ കർത്താവിന്റെ പെസഹാരഹസ്യങ്ങളാണല്ലോ ഈ ആഴ്ചയിൽ നാം അനുസ്മരിക്കുന്നത്. ലോകരക്ഷയ്ക്കുവേണ്ടി പീഡസഹിച്ച ഈശോയുടെ സഹനങ്ങളോട് ചേർന്ന് നമുക്കും ദൈവപിതാവിനോട് കരുണയ്ക്കുവേണ്ടി പ്രാർത്ഥിക്കാം.

കൊറോണ വൈറസിന്റെ വ്യാപനം തടയുന്നതിനും അതുവഴി മറ്റുള്ളവരുടെയും നമ്മുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും വേണ്ടി പ്രധാനമന്ത്രി പ്രഖ്യാപിച്ചിരിക്കുന്ന ഇരുപത്തിയൊന്ന് ദിവസത്തെ ലോക് ഡൗണിന്റെയും സംസ്ഥാന സർക്കാരും ജില്ലാഭരണ കൂടങ്ങളും നിയമപാലകരും നൽകുന്ന നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ഈ വർഷത്തെ വിശുദ്ധവാരാചരണം പരിമിതപ്പെടുത്തേണ്ടിയിരിക്കുന്നു.

ഈ സാഹചര്യത്തിൽ, പൗരസ്ത്യസഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയം നൽകിയിരിക്കുന്ന മാർഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും ആവശ്യമായ ആലോചനകൾക്കു ശേഷവും സീറോമലബാർസഭയിലെ രൂപതകളിൽ വിശുദ്ധവാരാചരണവുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന ഈ നിർദ്ദേശങ്ങൾ ഏവരും പാലിക്കേണ്ടതാണ്.

1. വൈറസ് വ്യാപനത്തെ ചെറുക്കുന്നതിനുവേണ്ടി നിലവിലുള്ള നിയന്ത്രണങ്ങളുടെ ഭാഗമായി ഈ വർഷത്തെ തിരുക്കർമങ്ങൾ വിശ്വാസികളുടെ പങ്കാളിത്തമില്ലാതെയാണ് നടത്തേണ്ടത്.
2. അഭിവന്ദ്യ പിതാക്കന്മാർ കത്തീഡ്രൽ ദൈവാലയങ്ങളിലും ബഹു. വൈദികർ ഇടവക ദൈവാലയങ്ങളിലും അവശ്യംവേണ്ട ശുശ്രൂഷകരുടെ മാത്രം (5 പേരിൽ കൂടാതെ) പങ്കാളിത്തത്തോടെയാണ് തിരുക്കർമങ്ങൾ നടത്തേണ്ടത്.
3. സാധിക്കുന്നിടത്തോളം കത്തീഡ്രൽ ദൈവാലയങ്ങളിൽനിന്നോ അതാത് ഇടവകകളിൽനിന്നോ വിശുദ്ധവാര തിരുക്കർമങ്ങൾ ലൈവ് ആയി വിശ്വാസികൾക്കു വേണ്ടി സംപ്രേഷണം ചെയ്യേണ്ടതാണ്.
4. ഓശാന ഞായറാഴ്ച വൈദികൻ വിശുദ്ധ കുർബാനയർപ്പിക്കുമ്പോൾ അന്നത്തെ തിരുക്കർമത്തിൽ പങ്കെടുക്കുന്നവർക്കുവേണ്ടി മാത്രം കുരുത്തോലകൾ (ലഭ്യമെങ്കിൽ) ആശീർവ്വദിച്ചാൽ മതിയാകും. അന്ന് മറ്റുള്ളവർക്ക് കുരുത്തോല വിതരണം നടത്തേണ്ടതില്ല.
5. വി. മൂറോൻ കൂദാശ വിശുദ്ധവാരത്തിൽ നടത്തേണ്ടതില്ല. പിന്നീട് ഒരു ദിവസം നടത്താവുന്നതാണ് (ഉദാ. പന്തക്കുസ്താ തിരുനാളിനോടനുബന്ധിച്ച്).
6. പെസഹാവ്യാഴാഴ്ചയിലെ കാൽകഴുകൽ ശുശ്രൂഷ ഒഴിവാക്കേണ്ടതാണ്.

George Cardinal Alencherry
Major Archbishop
Syro-Malabar Church

7. പെസഹാവ്യാഴാഴ്ച ഭവനങ്ങളിൽ നടത്താറുള്ള അപ്പംമുറിക്കൽ ശുശ്രൂഷ ഓരോ ഭവനത്തിലുമുള്ളവർക്കു മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. കുടുംബകൂട്ടായ്മ അടിസ്ഥാനത്തിലോ ബന്ധുവീടുകൾ ഒന്നിച്ചുചേർന്നോ നടത്താറുള്ള അപ്പംമുറിക്കൽ പൂർണമായും ഒഴിവാക്കേണ്ടതാണ്.

8. പീഡാനുഭവവെള്ളിയാഴ്ചയുള്ള ക്രൂശിതരൂപ/സ്ലീവാചുംബനവും പുറത്തേയ്ക്കുള്ള കുരിശിന്റെ വഴിയും പരിഹാരപ്രദക്ഷിണവും നടത്താൻ പാടില്ല. ഈ ദിവസത്തെ തിരുക്കർമങ്ങൾ ആവശ്യമെങ്കിൽ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ദിവസം (സെപ്തംബർ 14 ന്) നടത്താവുന്നതാണ്.

9. വലിയ ശനിയാഴ്ചയിലെ തിരുക്കർമങ്ങൾ നടത്തുമ്പോൾ ജനങ്ങൾക്ക് നല്കാൻ വേണ്ടി വെള്ളം വെഞ്ചരിക്കേണ്ടതില്ല. പിന്നീടൊരവസരത്തിൽ ജനങ്ങൾക്ക് വെള്ളം വെഞ്ചരിച്ച് നൽകാവുന്നതാണ്.

10. ഉയിർപ്പുതിരുനാളിന്റെ കർമങ്ങൾ രാത്രിയിൽ നടത്തേണ്ടതില്ല. പകരം അന്നു രാവിലെ വി. കുർബാനയർപ്പിച്ചാൽ മതിയാകും.

11. വിശുദ്ധവാരത്തിലെ ദിവസങ്ങൾ പ്രാർത്ഥനയുടെ ദിവസങ്ങളാക്കി മാറ്റുന്നതിന് നമ്മുടെ കുടുംബങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എല്ലാവരും ഒരുമിച്ച് കുടുംബ പ്രാർത്ഥനകൾ സജീവമായി നടത്തണം. വിശുദ്ധവാരത്തിലെ ഓരോ ദിവസത്തിനും യോജിച്ച ബൈബിൾ ഭാഗങ്ങൾ അന്നത്തെ കുടുംബപ്രാർത്ഥനയുടെ ഭാഗമായി വായിക്കേണ്ടതാണ്. യാമപ്രാർത്ഥനകൾ, കുരിശിന്റെ വഴി, കരുണകൊന്ത എന്നിവ കുടുംബാംഗങ്ങൾ ഒരുമിച്ച് ചൊല്ലുന്നത് വിശുദ്ധവാരത്തിന്റെ ചൈതന്യം നിലനിർത്തുന്നതിന് സഹായിക്കും.

ഇപ്പോഴത്തെ സാഹചര്യത്തിൽ ഈ പരിമിതികളെല്ലാം ദൈവഹിതമാണെന്ന് മനസ്സിലാക്കിക്കൊണ്ട് നമ്മുടെ കർത്താവിന്റെ രക്ഷാകരരഹസ്യങ്ങളുടെ അനുഭവം കഴിവതും സ്വന്തമാക്കുവാൻ നമുക്ക് പരിശ്രമിക്കാം. കാരുണ്യവാനായ കർത്താവ് നമ്മെയും സഭയെയും ലോകം മുഴുവനെയും അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

+ GAlencherry

കർദിനാൾ മാർ ജോർജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

MAR GEORGE ALENCHERRY • MAJOR ARCHBISHOP OF THE SYRO-MALABAR CHURCH